# നിഴൽയുദ്ധം

[പ്രൊഫസ്സർ (ഡോ:) ജോയ് ടി. കുഞ്ഞാപ്പു, *D.Sc., Ph.D.*]

ഓ! പ്രകാശമേ,
തെളിവെളിച്ചം
കണ്ണിൽ ഉറ്റുനോക്കുമ്പോൾ
ഇരുട്ടിൽ നിറം നഷ്ടപ്പെട്ട്
എല്ലാം ഒന്നാകുന്ന
രാപ്പാർപ്പിലെ സുവർണ്ണാംഗി
ഇല്ലാതാകുന്നു.

ചൂഴുന്ന കാളിമ ചുഴറ്റി
കറുംഗർത്തം തുരക്കുമ്പോൾ
ധ്യാനക്കണ്ണിണ പെരുത്ത്
വൈരുദ്ധ്യനിഴൽ ചുരത്തുന്നു.

തെളിച്ചം പഠിക്കാനുള്ള
വെളിച്ചം നേടാൻ
വാതിൽ തഴുതിട്ട്
അന്ത:യുഗാന്ധകാരം
ചുമർബിംബമാക്കുന്നു.

അരൂപിയുടെ കതിരിനെ
പഴന്തുണിയിൽ പൊതിഞ്ഞ്
ജനൽസുഷിരം മൂടാൻ
അറുത്ത തെർമോക്കോളിൻ
വെളുത്ത കഷണത്താൽ
ശോഷിച്ച ശേഷദ്വാരമടയ്ക്കുന്നു.

ശങ്കരന്റെ മൂന്നാങ്കണ്ണു തുറന്ന്
ശങ്കരാഭരണ ഫണകരൻ
കൊടും കൂരിരുട്ടിൽ

ആശയക്കടക്കോലിൽ ചുരുണ്ട്
മനനക്രിയ ശീലിക്കുന്നു.

വീനസിന്റെ വെണ്ണക്കല്ലിലെ
നവരസ ദ്വാരങ്ങളടയ്ക്കാൻ
ജീവോൽപ്പത്തിയിലെ
ഒന്നാമദ്ധ്യായത്തിലെ
ജീവിതാന്ത്യക്കഥയുടെ
സിമ്പോസിയക്കാഴ്ച്ചയിൽ
അന്തസ്സത്ത ചോരുന്ന
ചേരുംപടി ചേരാത്ത
മധുരഗുളികയൂട്ടി
വിടുവാക്കിൻ രത്നച്ചുരുക്കം
അമൂർത്ത ഖണ്ഡികയിൽ
അജ്ഞാത ശേഖരമാക്കുന്നു.
*************************************************************